അൺഎയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം വേതനം-നിയമ നിർമ്മാണം

30 (*660) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺഎയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) അൺഎയ്ഡഡ് അദ്ധ്യാപകർ നേരിടുന്ന ചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) നിയമനിർമ്മാണ പ്രക്രിയയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) പരിഗണനയിലുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി The Kerala Payment of Minimum Wages to Teachers of Un-aided Educational Institutions Bill 2014-ന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി&സി) അൺ-എയ്ഡഡ് അദ്ധ്യാപകരുടെ മിനിമം വേതനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എൻ.ആർ.എച്ച്.എം. ആരോഗ്യ കേന്ദ്രങ്ങൾ

1 (6706) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. മുഖേന സംസ്ഥാനത്ത് ഹോമിയോ, അലോപ്പതി, ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ എത്ര വീതം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് എത്ര വർഷംവരെ (എൻ.ആർ.എച്ച്.എം.) ഫണ്ട് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമല്ലാതാകുന്നതുമുതൽ പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരാമ്പ്രയോ - 373, ആയുർവേദ - 208, അലോപ്പതി - എൻഎച്ച്. എം.-ന്റെ കീഴിൽ 35 നാഷണൽ അർബൻ ഹെൽത്ത് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ 16 എണ്ണം കൂടി തുടങ്ങാൻ അനുവാദം ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ തീരുമാനപ്രകാരം എൻ.ആർ.എച്ച്.എം. പദ്ധതി 2017 വരെയാണ്. ഓരോ വർഷവും സമർപ്പിക്കുന്ന പദ്ധതികൾ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കിവരുന്നു.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ആശുപത്രികൾക്ക് കാഷ് അംഗീകാരം ലഭിക്കാൻ നടപടി

2 (6707) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികൾക്ക് കാഷ് (KASH) അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ആശുപത്രികൾക്കാണ് പ്രസ്തുത അംഗീകാരം ലഭിച്ച തെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത അംഗീകാരം മുഖാന്തിരം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) അംഗീകാരം ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്. ഇതിന്റെ പ്രധാനമായ ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly